**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1040** **29-08-2022 - ൽ മറുപടിയ്ക്ക്**

**വയലാം കുഴിയിൽ ഉപ്പ് വെള്ള തടയണ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ ചന്ദ്രഗിരി പുഴയ്ക്ക് കുറുകെ ബാവിക്കരയിൽ തടയണയ്ക്ക് തൊട്ടുതാഴെയുള്ള പ്രദേശങ്ങളിൽ ഉപ്പുവെള്ളത്തിന്റെ രൂക്ഷത കൂടുന്നതിനാൽ കർഷകർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് സമീപ പ്രദേശത്തെ കർഷകരിൽ നിന്നും ഉദുമ എം.എൽ.എ മുഖാന്തിരം നിവേദനം ലഭിച്ചിട്ടുണ്ട്. ഉപ്പുവെള്ളം കലരുന്നതിനാൽ പ്രദേശത്തെ കിണറുകളിൽ നിന്നുള്ള കുടിവെള്ളം ഉപയോഗശൂന്യമാണ്. ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിന് ഉപ്പുവെള്ള പ്രതിരോധ തടയണ നിർമ്മിക്കണമെന്നാണ് ജനങ്ങളുടെ ആവശ്യം. |
| (ബി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് ചന്ദ്രഗിരി പുഴയ്ക്ക് കുറുകെ വയലാം കുഴിയിൽ ഉപ്പ് വെള്ള തടയണ നിർമ്മിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകാമോ ? | (ബി) | നിലവിലുള്ള ബാവിക്കര റഗുലേറ്ററിന്റെ 5.കി.മീ. താഴെ ഭാഗത്തായി ചേരൂർ ഋക്ക് പാലത്തിന് തൊട്ട് താഴെ വയലാംകുഴി ഭാഗത്ത് ഒരു ഉപ്പുവെള്ള പ്രതിരോധ റഗുലേറ്റർ നിർമ്മിച്ചാൽ മേൽ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കും എന്ന് മൈനർ ഇറിഗേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. കൂടാതെ മേജർ വിഭാഗത്തിൽ നിന്നും ഒരു പ്രൊപോസൽ തയ്യാറാക്കിയിട്ടുമുണ്ട്. ആയതി നാൽ ഈ രണ്ടു പ്രൊപ്പോസലുകളുടെയും പ്രായോഗികത സംബന്ധിച്ച് മേജർ/മൈനർ വിഭാഗവുമായി കൂടിയാലോചിച്ചു തീരുമാന മെടുക്കുന്നതിനായി ബന്ധപ്പെട്ട മേജർ മൈനർ സൂപ്രണ്ടിംഗ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിനുശേഷം ഇൻവെസ്റ്റി ഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ